**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3214** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഉരുത്തിമുക്ക് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ്, കോഴിക്കോട് ജില്ലയിലെ നാദാപുരം എന്നീ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഉരുത്തിമുക്ക് പാലം പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ കിടഞ്ഞി ഉരുത്തിമുക്ക് പാലത്തിന് 31.10.2016 തീയതിയിലെ GO (Rt) No.1496/2016/PWD പ്രകാരം 15 കോടി രൂപയുടെ ഭരണാനുമതിയും, കിഫ്ബിയിൽ നിന്നും 11.791 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു . 25.10.2019-ൽ 12.98 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്തു. M/s ULCCS Pvt Ltd ന് 12.32 കോടി രൂപയ്ക്ക് കരാർ നൽകി. പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകിയതു കാരണം പ്രവൃത്തി വൈകിയതിനെ തുടർന്ന് കരാറുകാരൻ Price Escalation ആവശ്യപ്പെട്ടിരുന്നു. ആയതിന് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിക്കാത്തതിനെ തുടർന്ന് കരാറുകാരനെ ഒഴിവാക്കി പ്രവൃത്തി foreclose ചെയ്തു. പാലത്തിന്റെ നിർമ്മാണം നിലവിൽ 7% മാത്രമാണ് ULCCS പൂർത്തീകരിച്ചിട്ടുള്ളത്. അപ്രോച്ച് റോഡുകളുടെ സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിച്ച് സ്ഥലം ലഭ്യമായതിനെത്തുടർന്ന് ബാലൻസ് എസ്റ്റിമേറ്റിന്, 08.05.2023-ൽ 14.8 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്തു. മൂന്ന് തവണ പ്രവൃത്തി ടെണ്ടർ ചെയ്തു. ആദ്യത്തെ ടെണ്ടറിൽ സിംഗിൾ ബിഡ് ആയതിനാലും, രണ്ടാമത്തെ ടെണ്ടറിൽ അപ്രൂവൽ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരവും റീടെണ്ടർ ചെയ്തു. മൂന്നാമത്തെ ടെൻഡറിൽ ULCCS ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27% അധികമായതിനാൽ എസ്റ്റിമേറ്റ് പുനഃപരിശോധിച്ച് വീണ്ടും ടെൻഡർ ചെയ്യുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്ത് പുനരാംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ